പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3631 | 15.03. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി യിലെ . തസ്തികകൾ

ചോദ്യം

ശ്രീ.ഡി.കെ.മുരളി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.യിൽ നിലവിലുണ്ടായിരുന്ന തസ്തികകളോ തസ്തികയിലെ എണ്ണമോ കുറവ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | ഉണ്ട്. മീറ്റർ റീഡർ തസ്തികയിലെ അംഗീകൃത എണ്ണം 1721 ആയിരുന്നത് 799 എണ്ണം കുറച്ച് (ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No.30039/2016-ന്റെ അന്തിമ വിധിയ്ക്ക് വിധേയമായി ) 922 ആയി നിജപ്പെടുത്തിയിട്ടുണ്ട്.<br>31.10.2012-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മീറ്റർ റീഡർമാരുടെ ഒരു എൻ.ജെ.ഡി. ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കെ.പി.എസ്.സി. പരീക്ഷ നടത്തിയെങ്കിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നില്ല. പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കെ.പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്യുന്നതിനുമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചു. WP(C) No.30039/2016 D, 21919/2017L എന്നിവയിന്മേൽ 04.01.2018-ലെ വിധിയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ 799 മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കെ.പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്യാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായി. എന്നാൽ പുതുതായി 799 മീറ്റർ റീഡർമാരുടെ ആവശ്യകത ഇല്ലാത്തതിനാൽ സിംഗിൾ ബെഞ്ചിന്റെ ഈ വിധിയ്ക്കെതിരെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഡിവിഷൻ ബഞ്ച് മുമ്പാകെ WA.173/2018 സമർപ്പിക്കുകയും മേൽ ഉത്തരവിന്മേൽ സ്റ്റേ സമ്പാദിപ്പിക്കുകയും ചെയ്തു.<br>കേന്ദ്ര ഊർജ്ജ വകുപ്പും, കേരള ഗവൺമെന്റും, കെ.എസ്.ഇ.ബി. ലിമിറ്റഡും തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരം 'സ്മാർട്ട് മീറ്റർ' ഉപയോഗത്തിൽ കൊണ്ടു വരുവാൻ നിശ്ചയിച്ചിരിക്കുന്നു. പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA) –ന്റെ ഉപയോഗത്തിലൂടെ നിലവിലുള്ള മീറ്റർ റീഡിംഗ് ജോലി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ജോലി |

| | |
|---|---|
| | ചെയ്യുന്ന ഏത് ഉദ്യോഗസ്ഥനും ചെയ്യാവുന്നതാണ്. സാങ്കേതിക വിദ്യയുടെ ഏറ്റവും ആധുനികമായ വിനിയോഗത്തിലൂടെ വൈദ്യുതി ഉപഭോഗം വിലയിരുത്തുവാൻ 'സ്മാർട്ട് മീറ്റർ' സഹായിക്കുന്നതു കൊണ്ടും നിലവിൽ മറ്റ് തസ്തികകളിൽ ഉള്ള അധികമായ ജീവനക്കാരെക്കൊണ്ട് മീറ്റർ റീഡിംഗ് ജോലികൾ നടത്തുവാൻ നിലവിൽ സാഹചര്യം ഉള്ളതുകൊണ്ടും 799 മീറ്റർ റീഡർ തസ്തികകൾ WP(C) No.30039/2016-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ അന്തിമ വിധിയ്ക്കു വിധേയമായി നിർത്തലാക്കുവാൻ കമ്പനി 23.02..2018-ലെ B.O. (DB) No.494/2018 (Estt.II/6718/2016) പ്രകാരം തീരുമാനിച്ച് ഉത്തരവായി. |

സെക്ഷൻ ഓഫീസർ